# GREGORIAN VOICE



**Monthly newsletter of St.Gregorios Jacobite Syrian Orthodox Church, Dublin**

(For private circulation only)

**July 2015**

# പ്രാർത്ഥനാ പൂർണ്ണമായ ജന്മദിനാശംസകൾ

**H.G Yuhanon Mor Militios**



യാക്കോബായ സുറിയാനി സഭയുടെ ശ്രേഷ്ഠ കാതോലിക്ക ആബൂൻ മോർ ബസേലിയോസ് തോമസ് പ്രഥമൻ ബാവയുടെ 87 ആം ജന്മദിനം അയർലണ്ടിലെ സഭാമക്കൾ ഒരുമിച്ചു ചേർന്ന് ശ്രേഷ്ഠ ബാവയുടെ സാന്നിധ്യത്തിൽ ആഘോഷിക്കുന്നുവെന്നറിയുന്നതിൽ ഏറെ സന്തോഷിക്കുന്നു.

വാർധക്യത്തിലും യുവത്വത്തിന്റെ പ്രസരിപ്പോടെ സഭയെ നയിക്കുന്ന ശ്രേഷ്ഠ പിതാവിന് എല്ലാ വിധമായ ആശംസകളും വിനയപൂർവ്വം നേരുന്നു.

ശ്രേഷ്ഠ പിതാവിന്റെ ജന്മദിനാഘോഷത്തോടനുബന്ദിച്ച് ജൂലൈ മാസത്തെ ഗ്രിഗോറിയൻ വോയിസ് പ്രത്യേക പതിപ്പായി പ്രസിദ്ധീകരിക്കാൻ പ്രയത്നിച്ച എല്ലാ വരെയും പ്രത്യേകം ശ്ലാഘിക്കുന്നു.


ശ്രേഷ്ഠ പിതാവിന്റെ സന്ദർശനവും, ജന്മദിനാഘോഷവും അയർലൻഡിലുള്ള നമ്മുടെ സഭക്ക് ആത്മീയ ഉണർവ് പ്രദാനം ചെയ്യുവാൻ ഇടയായിത്തീരുമെന്നു പ്രത്യാശിക്കുകയും, ജന്മദിനമാഘോഷിക്കുന്ന ശ്രേഷ്ഠബാവാ തിരുമേനിക്ക് എല്ലാവിധ നന്മകളും ദൈവം നൽകട്ടെയെന്നും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

നിർത്തുന്നു ,

ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കട്ടെ

**മിലിത്തിയോസ് യൂഹാനോൻ മെത്രാപ്പോലീത്ത**

# ഡബ്ലിൻ യാകോബായ പള്ളിയുടെ 87ആം ജന്മദിനാശംസകൾ



H.B. Catholicos Mor Baselios Thomas I (Bava) was born in the Cheruvillil family of Vadayambadi, Puthenkuriz to Mathai and Kunjamma on 22nd July 1929. Early part of Bava's life was full of sufferings. As a child Bava had frequent bouts of illness. Bava's mother used to take the young Bava frequently to the nearby Malecuriz Dayro where the relics of late Patriarch St. Ignatius Elias III and Saint Gregorios Geevarghese Parumala Thirumeni) had been interred. One night, as Bava's mother prayed with the young boy on her lap, she had a vision which prompted her to dedicate the boy to the service of the church. Within days, the Bavas illness was entirely cured. God was with Bava, guiding Bava and shaping Bava.

Bava is now 87 years old and has dedicated his life for us guiding us in every footsteps.

**All of us at St Gregorios Jacobite Sysrian Orthodox Church, Dublin wish our Bava a very happy birthday and prayfully wait for the next occasion to celebrate the birthday together.**

**Many Many Happy Return of The Day Dear Bava.**



## അനർഘ നിമിഷങ്ങൾ ....



# നാൾവഴിയിലൂടെ








Malayala Manorama
26 Feb 1974 (Tuesday)

www.SyrianChurch.org

# പാത്രിയർക്കീസ് ബാവാ മെത്രാന്മാരെ വാഴിച്ചു

കോട്ടയം: ഫാ. പി. എം. ഗീവറുഗീസ് (പെരുമ്പള്ളി) ഫാ. സി. എം. തോമസ് (കോലഞ്ചേരി) എന്നിവരെ പരിശുദ്ധ ഇഗ്നാത്തിയോസ് യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവാ മെത്രാപ്പോലീത്താമാരായി വാഴിച്ചതായി യാക്കോബായ സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ പ്രസിഡൻറ് ഈപ്പൻതോമസ് പാലാമ്പടത്തിനു ഡമാസ്കസിൽനിന്നു കേബിൾ സന്ദേശം ലഭിച്ചു.

കഴിഞ്ഞ ഞായറാഴ്ചയാണ (ഫെബ്രുവരി 24) ഡമാസ്കസിൽ മെത്രാൻ സ്ഥാനാഭിഷേകം നടന്നത്. ഫാ. പി. എം. ഗീവറുഗീസിനെ ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് എന്നും ഫാ. സി. എം. തോമസിനെ തോമസ് മാർ ദിവന്നാസിയോസ് എന്നുമുള്ള പേരുകളിലാണ വാഴിച്ചിരിക്കുന്നത്.



ഫാ. സി. എം. തോമസ്

## മാർ ഗ്രീഗോറിയോസ്

കഴിഞ്ഞ ദിവസംവരെ പെരുമ്പള്ളി സെൻറ് ജോർജ്ജ് സിംഹാസന പള്ളി വികാരിയായിരുന്ന ഫാ. ഗീവറുഗീസ് 1958—ൽ മഞ്ഞിനിക്കര മാർ ഇഗ്നാത്തിയോസ് ദേവാലയത്തിൽ വച്ച് കശീശ്ശാപട്ടം സ്വീകരിച്ചത് മാർ യൂലിയോസ് മെത്രാപ്പോലീത്തായിൽനിന്നാണ്. മഞ്ഞിനിക്കര ദയറായിൽ സുറിയാനി പഠിക്കുകയും വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കുകയും ചെയ്ത അദ്ദേഹം യശഃശരീരനായ മീഖായേൽ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായിൽനിന്ന ശിക്ഷണം നേടിയിട്ടുണ്ട്.

പുതുപ്പള്ളി കാരാപ്പുഴ തറവാട്ടിലെ പറപ്പള്ളത്ത് മാത്തു ആശാൻെറയും അന്നമ്മയുടെയും പുത്രനായി 43 വർഷംമുമ്പു ജനിച്ച അദ്ദേഹം പുതുപ്പള്ളി സെൻറ് ജോർജ്ജ് സ്കൂളിൽ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം കേരള സർവകലാശാലയുടെ ബി. ഒ. എൽ. ബിരുദം നേടി. പിന്നീട കോഴിക്കോട്ട ട്രെയിനിംഗ് കോളജിൽനിന്ന അദ്ധ്യാപന പരിശീലനം സമ്പാദിച്ചു. തുടർന്ന പുത്തൻകരിശ്ശ മഹാത്മാഗാന്ധി മെമ്മോറിയൽസ്കൂളിൽ ഏഴ വർഷവും കണ്ടനാട്ട് സെൻറ് മേരീസ് ഹൈസ്കൂളിൽ എട്ട വർഷവും അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചു. ഒരു പ്രശസ്ത വാഗ്മികൂടിയായ ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തയ്ക്കു മൂന്ന സഹോദരന്മാരും നാല സഹോദരികളുമുണ്ട്.



ഫാ. പി. എം. ഗീവറുഗീസ്

## മാർ ദീവന്നാസിയോസ്

കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രിയുടെ ഓർഗനൈസിംഗ് സെക്രട്ടറി, പൗരസ്ത്യ സുവിശേഷ സംഘം ഓർഗനൈസർ, ഭിലായിലെ ഉത്തരേന്ത്യൻ മിഷൻ ഓർഗനൈസർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിരുന്ന തോമസ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്ത കോറുയോ പട്ടം സ്വീകരിച്ചത് കണ്ടനാട്ട് ഭദ്രാസനാധിപൻ പൗലൂസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തയിൽനിന്നാണ്. 1957—ൽ കടമററം പള്ളിയിൽവച്ച ശെമ്മാശ്ശപട്ടവും 1958—ൽ മഞ്ഞിനിക്കര മാർ ഇഗ്നാത്തിയോസ് പള്ളിയിൽവച്ച് മാർ യൂലിയോസ് മെത്രാപ്പോലീത്തായിൽനിന്ന കശീശ്ശപട്ടവും സ്വീകരിച്ചു.

പുത്തൻകരിശ്ശ് സെൻറു പീറേഴ്സ് പള്ളിയിലും വെള്ളത്തുവൽ കിഴുമുറി, ഫോർട്ടുകൊച്ചി വലമ്പൂർ എന്നിവിടങ്ങളിലെ ദേവാലയങ്ങളിലും വൈദികനായി സേവനമനുഷ്ഠിച്ച അദ്ദേഹം തൃശ്ശൂരിലെയും കൽക്കട്ടയിലെയും പള്ളികളിൽ വികാരിയായിരുന്നിട്ടുണ്ട്.

എറണാകുളം ജില്ലയിൽ വടയമ്പാടി ചെറുവിള്ളിൽ മത്തായിയുടെയും കുഞ്ഞമ്മയുടെയും പുത്രനായി ജനിച്ച അദ്ദേഹം പൗലൂസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്ത, ഞാർത്താങ്കൽ കോരുള മൽപാൻ എന്നിവരുടെ കീഴിലും മഞ്ഞിനിക്കര ദയറായിലും സുറിയാനി പഠിക്കയും വൈദികവിദ്യാഭ്യാസം നേടുകയും ചെയ്തു. ഒരു വാഗ്മിയും സഭാചരിത്രപണ്ഡിതനുമാണ് തോമസ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്ത.






ശ്രേഷ്ഠ ബാവക്ക് പിറന്നാൾ ആശംസകൾ നേരുന്നു

*Anna Jacob & Leo Jacob*





Prayerful Birthday Wishes to our beloved Catholicos
Happy 87th Birthday
From
Morth Mariyam Vanitha Samajam
St.Gregorios Jacobite Church, Dublin.
Jacob Baradaeus of Malankara
H.B Aboon Mor Baselios Thomas I
May God Almighty give you long life and more strength to lead the Jacobite Syrian Church.

# ഏലീയാ പോലുജ്ജ്വലൻ , യൂഹാനോൻ പോൽ വ്രതപരൻ

## # ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവാ#

==========================================

ദൈവവിളിയുടെ ശബ്ദം തിരിച്ചറിഞ്ഞ്, നിയോഗം പൂർണ്ണമായി ഉൾക്കൊണ്ട് ജീവിതം സമർപ്പിച്ച് സഭയെ ദൈവസന്നിധിയിലേക്കടുപ്പിക്കുവാൻ ആശ്രാന്തപരിശ്രമം ചെയ്യുന്ന ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ ബാവാ 87 ന്റെ നിറവിൽ.

പ്രാഥമിക വിദ്യാഭ്യാസത്തിന്റെ പൂർണതപോലും അവകാശപ്പെടുവാനില്ലാത്ത ഒരു വ്യക്തി എങ്ങിനെയാണ് ക്രിസ്തുവിന്റെ കാലത്തോളം പാരമ്പര്യമുള്ള സഭയുടെ നേതൃത്വ ശ്രേണിയിൽ രണ്ടാമനായി ഉയർത്തുവാൻ ഇടയായത്? ഒരു സാധാരണക്കാരന്റെ മനസ്സിലുയരുന്ന ചോദ്യമാണ്.

ദൈവം വിളിച്ചു വേർതിരിച്ച വ്യക്തിത്വമാണ് ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ ബാവാ. ലോകത്തിന്റെ ദൃഷ്ടിയിൽ ഒരുപാടു കുറവുകളുള്ള മനുഷ്യൻ, ലോകം കരുതുന്ന കുറവുകളൊന്നും ദൈവത്തിന്റെ മുൻപിൽ കുറവുകളല്ലെന്നു വ്യക്തമാക്കിത്തരുന്ന ജീവിത സാക്ഷ്യമാണ് ശ്രേഷ്ഠ ബാവയുടേത്.

ക്രമീകൃതമായ പാഠ്യപദ്ധതി പ്രകാരമുള്ള ദൈവശാസ്ത്ര പരിശീലനം സിദ്ധിച്ചിട്ടില്ലാത്ത ബാവ, ദൈവശാസ്ത്ര വിഷയത്തിൽ ആധുനീക പരിശീലനം നേടിയിട്ടുള്ളവർക്കുപോലും വിസ്മയിക്കതക്ക വിധം ദൈവീകമർമങ്ങളെ വെളിപ്പെടുത്തി നൽകുമെന്നുള്ളത് ആരിലും വിസ്മയം ഉണ്ടാക്കുന്നതാണ്.

വിനയത്തിൽ പൊതിഞ്ഞ കലർപ്പില്ലാത്ത സ്നേഹ സംവാദങ്ങളിലൂടെ എതിർക്കുവാൻ വരുന്നവരെപ്പോലും മിത്രങ്ങളാക്കി മാറ്റുന്ന അനുഗ്രഹീതമായ വ്യക്തിത്വത്തിന്റെ ഉറവിടമാണ് ബാവാ.

സഭാ സമാധാനത്തിനുള്ള ചർച്ചകൾ നടക്കുമ്പോൾ സഭയിൽ രമ്യമായ ശാശ്വതമായ പരിഹാരത്തിനായി തന്റെ സ്ഥാനം ഉപേക്ഷിക്കാൻ തയ്യാറാണെന്ന് ശ്രേഷ്ഠ ബാവാ ഒരിക്കൽ പറഞ്ഞത്, ശ്രേഷ്ഠ ബാവാ എത്രമാത്രം സഭാ സമാധാനത്തിനായി ആഗ്രഹിക്കുന്നു എന്നുള്ളതിന്റെ തെളിവാണ്. കേസ്സുകളും വഴക്കുകളുമില്ലാത്ത സഭ, കർത്താവിന്റെ രണ്ടാം വരവിനായി വിശുദ്ധിയോടെ ഒരുങ്ങിനിൽക്കുന്ന സഭ, അതാണ് തന്റെ സ്വപ്നമെന്ന് ബാവാ എപ്പോഴും പറയും.

ഏറെ പ്രാർഥിച്ചൊരുങ്ങി മാത്രമേ ബാവാ ഏതൊരു സംഗതിക്കും ഇറങ്ങി പുറപ്പെടുകയുള്ളു. സത്യവും നീതിയുമല്ലാത്ത ഒന്നിനോടും സന്ധി ചെയുവാൻ ബാവക്ക് സാധ്യമല്ല. പല പ്രതിലോമ ശക്തികൾക്കു മുൻപിൽ പതറാതെ, സത്യത്തിനുവേണ്ടി നിലകൊള്ളുന്ന വിശ്വാസിസമൂഹത്തെ മഴയും വെയിലും വകവെക്കാതെ മുന്നിൽ നിന്ന് നയിക്കുവാൻ ശ്രേഷ്ഠബാവായെ പ്രാപ്തനാക്കുന്നത് സത്യത്തോടും നീതിയോടുമുള്ള പ്രതിബദ്ധതയാണ്.

പൂർവ്വികർ പകർന്നുതന്ന വിശ്വാസ പാരമ്പര്യങ്ങളെ പിന്തുടരുവാനായി, അനേക ത്യാഗങ്ങളും പ്രതിസന്ധികളും അഭിമുഘീകരിക്കേണ്ടിവരുന്ന വിശ്വാസികളുടെ മനസ്സിൽ ഐക്യവും, ആത്മവിശ്വാസവും പകരുന്ന ശ്രേഷ്ഠബാവായുടെ അനുഗ്രഹീത നേതൃത്വം യാകോബായ സഭയുടെ പുണ്യമാണ്.

അടുക്കും ചിട്ടയുമുള്ള ജീവിതശൈലി, കണ്ണുനീരോടെയുള്ള പ്രാർത്ഥന, ധ്യാനം, ഊർജ്ജസ്വലതയോടെയുള്ള കൃത്യ നിർവ്വഹണം, മിതമായ ആഹാരം ഇവയൊക്കെ ശ്രേഷ്ഠ ബവായിൽ നിന്നും യുവതലമുറ ഉൾകൊള്ളേണ്ട പാഠങ്ങളാണ്.

യാത്രാ വേളകളിലും യാമപ്രാർത്ഥനകൾ കൃത്യമായി നിർവഹിക്കുന്ന ബാവാ, നോമ്പും ഉപവാസവും കൃത്യമായി പാലിക്കുന്നു. കൂടാതെ എത്ര തിരക്കുകൾക്കിടയിലും രാത്രി കാലങ്ങളിൽ പുസ്തകവായനക്കായി സമയം കണ്ടെത്തുന്നു

പരിചയപ്പെടുന്നവരെയൊക്കെയും പിന്നീടു കണ്ടുമുട്ടുമ്പോൾ അവരുടെ പേരോർത്തു വിളിച്ച് സുഘാന്വേഷണങ്ങൾ നടത്തുന്ന ബാവയുടെ ഓർമ്മശക്തി നമ്മെ അത്ഭുതപ്പെടുത്തുന്നതാണ്. ഇടവകകളെ കുറിച്ചും, കുടുംബങ്ങളെ കുറിച്ചും ഏറെ കരുതലുള്ള ബാവയുടെ സ്നേഹത്തലോടലിന്റെ പ്രത്യക്ഷോദാഹരണമാണ് 250 ൽ പരം ഇടവകകളോടെ വളർന്നു പന്തലിച്ചു നിൽക്കുന്ന അങ്കമാലി ഭദ്രാസനം.

ശ്രേഷ്ഠബാവായുടെ ദീർഘവീക്ഷണത്തിന്റെ ഏറ്റവും വലിയ സംഭാവനയാണ് 2002 ലെ സഭാ ഭരണഘടന. യാകോബായ  സഭയുടെ ശാശ്വതമായ നിലനില്പ്പ് സാധ്യമാക്കിയ ഒന്നാണ് 2002 ലെ സഭാ ഭരണഘടന. ശ്രേഷ്ഠകാതോലിക്കാ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ട നാൾ മുതൽ യാകോബായ സഭക്ക് കരഗതമായ എല്ലാ നേട്ടങ്ങൾക്കും വളർച്ചക്കും പിന്നിൽ ദൈവാശ്രയത്തിലധിഷ്ഠിതമായ ശ്രേഷ്ഠബാവയുടെ ചുവടുവെപ്പുകളാണ്. അനേക വിദ്യാഭ്യാസസ്ഥാപനങ്ങൾ സഭക്കു കീഴിലും , ഇടവകകളുടെ നേതൃത്വത്തിലും ആരംഭിക്കുവാൻ ഇടയായിത്തീർന്നിട്ടുള്ളത് വിദ്യാഭ്യാസ മേഘലയിൽ സഭ ഗണ്യമായ പങ്കആളിത്തം നേടേണ്ടത് ആവശ്യമാണെന്നുള്ള  ശ്രേഷ്ഠബാവായുടെ കാഴ്ച്ചപ്പാടിന്റെ

പരിണിതഫലമാണ്.

യാകോബായ സഭയുടെ ശ്രേഷ്ഠ കാതോലിക്ക എന്ന നിലയിൽ സഭാ തലവനായിരുന്ന പരി. സാഖാ പ്രഥമൻ പത്രിയർകീസ് ബാവയുടെ, ഇപ്പോഴത്തെ പത്രിയർകീസ് മോറാൻ മോർ ഇഗ്നാത്തിയോസ് അപ്രേം ദ്വിതിയൻ ബാവായുടെ സ്ഥനാരോഹണത്തിനും പ്രധാന കാർമ്മികത്വം വഹിക്കുവാൻ കഴിഞ്ഞു എന്നുള്ള അപൂർവ്വ നേട്ടം ശ്രേഷ്ഠ ബാവയ്ക്ക് സ്വന്തമാണ്.

മലയാളക്കരയിലെ യാകോബയ സുറിയാനി സഭയുടെ മുഖം ശ്രേഷ്ഠ ബാവായാണ്. ശ്രേഷ്ഠ ബാവയുടെ ശബ്ദമാണ് സഭയുടെ ശബ്ദമായി സമൂഹം ഉൾക്കൊള്ളുന്നതും കാതോർത്തിരിക്കുന്നതും. തന്റെ ഇടപെടലുകളിലൂടെ, സംഭാഷണങ്ങളിലൂടെ സഭയുടെ മുഖം ശോഭിതമായി സമൂഹമദ്ധ്യത്തിൽ കാത്തു സൂക്ഷിക്കുവാൻ ഏലിയായെപ്പോലെ ഉജ്വലനായ, യൂഹാനോനെപ്പോലെ വ്യതപരനായ ശ്രേഷ്ഠബാവായെ 87- ആം വയസിലും പ്രാപ്തനാക്കുന്ന ദൈവീക കരം ഇനിയും കൂടെയിരുന്നു വഴിനത്തുവാൻ നമുക്കു പ്രാർത്ഥിക്കാം.

ആയുഷ്മാൻ ഭവ:



**ഫാ. തോമസ് പുതിയാമഠത്തിൽ**









## അനർഘ നിമിഷങ്ങൾ ....




Baselios Thomas I
Dr.


RY AND RESEARC
NAUGURAT
APRI

# Catholicos Enthronement

On Friday the 26th July 2002, His Holiness Moran Mor Ignatius Zakka I Iwas the Patriarch of Antioch & all the East, consecrated the 73 - year old Mor Dionysius Thomas as the CATHOLICOS with the title 'BASELIOS THOMAS I' at a solemn function held at the St. Peter & St. Paul Cathedral in Mor Ephrem Monastery, Ma`arat Sayyidnaya, near Damascus.

Fourteen Syrian Orthodox Bishops, from *India, Syria, Sweden, Netherlands, Germany, Lebanon, Jerusalem, Turkey and Australia* attended the enthronement ceremony as the co-celebrants. Thirty five *Rambans,* many Nuns of the Church and lay people were also present on the occasion to participate in the historical ceremony. Representatives from Government of Syria & India attended the consecration ceremony as special guests. Besides the three Metropolitans who were the co-celebrants, the Church in India was represented by Very Rev Eraalil Geevarghese Ramban (Kerala), Rev. Fr. Prince Mookkanottil (Vicar Mor Ignatius Syrian Orthodox Church Dubai), Rev. Fr. Eldho Valiyaparambil (Vicar -St.George Abu Dhabi), Rev. Fr. Kurian Maliyil (Vicar Sharjah), Rev.Fr. Mathews (Muscat) and Rev. Fr. Varghese Maikkulangara (Kerala). The consecration ceremony started with the celebration of Holy Qurbono at 8 AM by His Holiness the Patriarch, followed by enthronement ceremony, signing of 'SUSTHATHIKON' (Agreement) and 'OKSIOS' (Rising and Declaration). The ceremonial Services ended with the completion of the Holy Qurbono by the newly consecrated Catholicos.
















**Prayerful birthday greetings to our beloved Bava Thirumeni**

**Tiya Mariam Tijo & Theja Rose Tijo,**
**Moolakkattu House,**
**Aymanam,**
**Kottayam.**











## ശ്രേഷ്ഠം ബാവക്ക് പിറന്നാൾ ആശംസകൾ നേരുന്നു

**Jain, Jilu, Irine & Evan**

**Wallappurackal Chirayil**

**Pallom - Kottayam**







**ശ്രേഷ്ഠ ബാവായുടെ ഒന്നാം ഡബ്ലിൻ പള്ളി സന്ദർശനം.2008**






Prayerful birthday greetings to our beloved Bava Thirumeni



Happy birthday Abin Jobby

# Birthday Greetings

## Youth Association

*St Gregorios Jacobite Syrian Orthodox Church*
*Dublin - Ireland*

**would like to extend a blessed birthday salute to
Catholicos of the Syriac Orthodox Church in India and
Metropolitan Trustee of the Jacobite Syrian Christian Church**

## *His Beatitude*
## *Aboon Mor Baselios Thomas I*



**CELEBRATING 87 YEARS**
**July 22nd**

**We pray good health, long life, prosperity,
continued favor and increase over you as you lead
your sons and daughters of the Jacobite Syrian Orthodox Church**


**We love, Honor and Salute You**

May he give you the desire of your heart, and make all your plan succeed – PSALMS 20:4

Top in Town
TRADING

"Prayerful birthday greetings to our beloved Bava Thirumeni"




Daily delight

Daily delight

AN ISO 22000-2005 CERTIFIED COMPANY